<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** — **31-01-2024 - ൽ മറുപടിയ്ക്ക്**

## പുനർഗേഹം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ. ജെ. മാക്സി</th><th colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ തീരദേശവാസികളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>തീരദേശ വാസികളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><td>ജില്ല</td><td>ഭവനരഹിതരുടെ/ഭൂരഹിത ഭവനരഹിതരുടെ എണ്ണം</td></tr>
<tr><td>തിരുവനന്തപുരം</td><td>2667</td></tr>
<tr><td>കൊല്ലം</td><td>1194</td></tr>
<tr><td>ആലപ്പുഴ</td><td>185</td></tr>
<tr><td>എറണാകുളം</td><td>1195</td></tr>
<tr><td>തൃശ്ശൂർ</td><td>209</td></tr>
<tr><td>മലപ്പുറം</td><td>2955</td></tr>
<tr><td>കോഴിക്കോട്</td><td>159</td></tr>
<tr><td>കണ്ണൂർ</td><td>412</td></tr>
<tr><td>കാസർഗോഡ്</td><td>1436</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന്റെ കാലത്ത് പുനർഗേഹം പദ്ധതിയിലൂടെ എത്ര പേർക്ക് വീട്, ഫ്ലാറ്റ് എന്നിവ നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ആയത് എപ്പോൾ നൽകുവാൻ കഴിയുമെന്നും ഇതിനായിട്ടുള്ള തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഈ സർക്കാരിന്റെ കാലത്ത് പുനർഗേഹം പദ്ധതിയിലൂടെ 1950 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേക്കും പുനരധിവസിപ്പിച്ചു .<br><br>നിലവിൽ 8845 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും നാളിതുവരെ 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | 128 ഉം കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം മാറി താമസിക്കുന്നതിനു സന്നദ്ധരായ 8845 പേരിൽ 5132 പേർ വ്യക്തിഗത ഭവനങ്ങളിലും ഫ്ലാറ്റുകളിലും ആയി ഇതിനോടകം പുനരധിവാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 3713 പേരെ കൂടി വരും വർഷങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.<br><br>വിവിധ ജില്ലകളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാറിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്.<br><br>ഈ പ്രവൃത്തികൾ പുനർഗേഹം പദ്ധതിയുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയായ 31.03.2025 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | നാളിതുവരെ പ്രസ്തുത പദ്ധതി വഴി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്, ഫ്ലാറ്റ് എന്നിവ നൽകി; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലത്ത് പുനർഗേഹം പദ്ധതിയിലൂടെ 1950 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേക്കും പുനരധിവസിപ്പിച്ചു .<br><br>നിലവിൽ 8845 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും നാളിതുവരെ 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ |

| | | | |
|---|---|---|---|
| | | | 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം മാറി താമസിക്കുന്നതിനു സന്നദ്ധരായ 8845 പേരിൽ 5132 പേർ വ്യക്തിഗത ഭവനങ്ങളിലും ഫ്ലാറ്റുകളിലും ആയി ഇതിനോടകം പുനരധിവാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 3713 പേരെ കൂടി വരും വർഷങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.<br><br>വിവിധ ജില്ലകളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാറിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്.<br><br>ഈ പ്രവൃത്തികൾ പുനർഗേഹം പദ്ധതിയുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയായ 31.03.2025 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ